# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 197** — **26/02/2018-ൽ മറുപടിക്ക്**

## മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**
**,, എം.ഉമ്മർ**
**,, പി.ബി. അബ്ദുൽ റസ്സാക്ക്**
**,, കെ.എം.ഷാജി**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് ഇതിനോടകം ചെയ്ത പ്രവൃത്തികൾ എന്തൊക്കെയാണ്;വിശദമാക്കുമോ; | **എ)** "ആരോഗ്യ ജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയാണ് ഇതര വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ആരോഗ്യവകുപ്പ് ഈ വർഷം നടപ്പിലാക്കി വരുന്നത്. ഇതിൽ മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. <br> ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തന കലണ്ടറും തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ബന്ധപ്പെട്ട ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ. നഗരസഭ, പഞ്ചായത്ത്, വാർഡ് തല യോഗങ്ങൾ, വാർഡ് തല കർമ്മസേനാ രൂപീകരണം, ശുചിത്വമാപ്പിംഗ്, വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ചുള്ള ബോധവൽകരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് നടത്തി വരുന്നത്. |
| **ബി)** മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മുൻവർഷത്തേക്കാൾ കൂടുതൽ ഫലപ്രദമാക്കാൻ ഈ വർഷം എന്തെങ്കിലും പുതിയ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ; <br> **സി)** മഴക്കാലജന്യരോഗങ്ങൾ, പകർച്ചപ്പനികൾ എന്നിവയെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി മഴക്കാലപൂർവ്വശുചീകരണ പ്രവൃത്തികൾക്ക് പ്രത്യേക പ്രാധാന്യം നൽകുമോ? | **ബി) യും സി) യും** മഴക്കാലപൂർവ്വ ശുചീകരണം മുൻവർഷത്തേക്കാൾ കൂടുതൽ ഫലപ്രദമാക്കാൻ വേണ്ടിയും മഴക്കാലജന്യരോഗങ്ങൾ, പകർച്ചപ്പനി എന്നിവയും ഫലപ്രദമായി പ്രതിരോധിക്കുന്നതിനായും ഈവർഷം ജനുവരി മുതൽതന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ അതാത് ജില്ലകളിൽ യോഗം നടത്തി പ്രവർത്തനം ഊർജ്ജിതമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ "കില" യുടെ സഹകരണത്തോടെ തദ്ദേശസ്ഥാപന |

മേധാവികൾക്കും മറ്റും വിർച്ചൽ ക്ലാസിലൂടെ അവബോധം നൽകി. വാർഡുകളിൽ "ജാഗ്രത" ഗ്രാമസഭ വിളിച്ചുകൂട്ടി വാർഡുതല സമിതികൾ ശാക്തീകരിച്ചു. കൂടുതൽ പേരെ ആരോഗ്യ കർമ്മസേനയിൽ ഉൾപ്പെടുത്തി, പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**